(b) what steps have been taken in this matter?

Mr. I. Raman Menon.—(a) Yes.

(b) Measures necessary to prevent the spread of the epidemic and bring it under control were taken at once. It subsided soon, as it was only of a sporadic nature.

Pulayas in Panambukadu, etc.

94. മിസ്റ്റർ കെ. പി. കരുപ്പൻ.—മുളവുകാട് വില്ലേജിൽ ചേന്നതായ പനമ്പുകാട്, വല്ലാർപാടം ഈദേശങ്ങളിലെ പുലയന്മാർക്കും വാലന്മാർക്കും വേനൽക്കാലങ്ങളിൽ കുടിക്കുവാൻ വെള്ളമില്ലാത്ത സംഗതി ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടൊ; ഉണ്ടെങ്കിൽ ഗവമ്മെണ്ട് അതിനു് എന്തെങ്കിലും പരിഹാരം ചെയ്യാൻ ആലോചിക്കുന്നുണ്ടൊ;

(b) അവിടങ്ങളിൽ വൈദ്യസഹായത്തിന്റെ അഭാവം കൊണ്ട് നേരിടുന്ന സങ്കടങ്ങളെ കുറിച്ച് ഗവമ്മേണ്ട് ആലോചിച്ചിട്ടുണ്ടൊ?

മിസ്റ്റർ ഐ. രാമൻമേനോൻ—ഫ്ഫാ൦ -ലെ ബഡ്ജറ്റിൽ ഇതിലേക്കുവേണ്ടുന്ന സംഖ്യ അനുവദിച്ചിരുന്നു. എന്നാൽ പഞ്ചായത്തുകാരുടെ ഉത്സാഹക്കുറവുനിമിത്തം കിണർ കുഴിക്കുകയുണ്ടായില്ല. കിണർ ഉണ്ടാക്കേണ്ട സംഗതി ഗവമ്മെണ്ട് ദൃഷ്ടിയിൽ വെക്കുന്നതാണു്.

(b) ഉവ്വു്. ചേരാനെല്ലൂർ പഞ്ചായത്തിൽചേന്ന ഒരു വില്ലേജാണു് മുളവുകാടു്. ടി പഞ്ചായത്തുവകയായി ഒരു വൈദ്യശാലയുണ്ടു്.

മിസ്റ്റർ കെ. പി. കരുപ്പൻ.—ഇപ്പോൾ ഈ വൈദ്യശാല ഇരിക്കുന്നതു എവിടെയാണു്?

മിസ്റ്റർ ഐ. രാമൻമേനോൻ.—ചേരാനെല്ലൂർ ആണു്.

മിസ്റ്റർ കെ. പി. കരുപ്പൻ.—ചേരാനെല്ലൂർ പഞ്ചായത്തിന്റെ ഏതുഭാഗത്താണു്?

മിസ്റ്റർ ഐ. രാമൻമേനോൻ.—ചിറ്റൂർ ആണു്.

മിസ്റ്റർ കെ. പി. കരുപ്പൻ.—അതു വൈദ്യസഹായം കുറഞ്ഞതിക്കിലേക്കു മാറ്റിസ്ഥാപിക്കാൻ ദയവുണ്ടാകുമൊ?

മിസ്റ്റർ ഐ. രാമൻമേനോൻ.—പഞ്ചായത്തുകാരോടു് ആലോചിച്ചുനോക്കാം.

മിസ്റ്റർ കെ. പി. കരുപ്പൻ.—പഞ്ചായത്തുകാരോടു് ആലോചിച്ചുവരുമ്പോൾ കാലം കുറെ ചെല്ലും. അതുകൂടാതെ കഴിച്ചുകൂടേ?

പ്രസിഡെണ്ടു്.—എവിടെ വേണമെന്നാണു് പറയുന്നതു്?

മിസ്റ്റർ കെ. പി. കരുപ്പൻ.—മുളവുകാടു വില്ലേജിൽ. അവിടെയാണു് വൈദ്യസഹായം തീരെലഭിക്കാൻ നിവൃത്തിയില്ലാതെ ജനങ്ങൾ ബുദ്ധിമുട്ടുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

പ്രസിഡെണ്ടു്.—മുളവുകാട്ടിൽ വൈദ്യശാല വേണമെന്നു പ്രത്യേകം അപേക്ഷകൾ വല്ലതും ഉണ്ടൊ?

മിസ്റ്റർ ഐ. രാമൻമെനോൻ.—എല്ലാസ്ഥലത്തും വെച്ചുകിട്ടാൻ ജനങ്ങൾക്കു് ആഗ്രഹമുണ്ടാകും.

മിസ്റ്റർ കെ. പി. കരുപ്പൻ.—ചിറ്റൂർ നിന്നു എറണാകുളത്തു വന്നു മരുന്നുവാങ്ങാനും മറ്റും വലിയപ്രയാസം ഇല്ല. മുളവുകാട്ടുകാക്കു അതു എളുപ്പമില്ല.

പ്രസിഡെണ്ടു്.—അതുകൊണ്ടു് എന്തുവേണം?

മിസ്റ്റർ കെ. പി. കരുപ്പൻ.—ചിറ്റൂർ ഉള്ള വൈദ്യശാല മുളവുകാട്ടിലേയ്ക്കു മാറ്റി സ്ഥാപിക്കാൻ ദയവുണ്ടാകണം.

പ്രസിഡെണ്ടു്.—ഒരു സ്ഥലത്തു ഒരു വൈദ്യശാല വെച്ചിട്ടു കുറെക്കാലം അവർ അനുഭവിച്ചതിന്റെശേഷം അതു എടുത്തു വേറൊരിടത്തു കൊണ്ടുപോകുന്നതു് അത്ര ഉചിതമല്ല. അങ്ങിനെ പറയുന്നതിനേക്കാൾ വേറൊന്നു പുതുതായിവയ്ക്കുവാൻ പറയുന്നതായിരിക്കും നന്നു്.

മിസ്റ്റർ കെ. പി കരുപ്പൻ.—വേറൊന്നു പുതുതായിസ്ഥാപിക്കുന്നതായാൽ വലിയ സന്തോഷംആണു്.

പ്രസിഡെണ്ടു്.—അതിനെക്കുറിച്ചു ആലോചിക്കാം. വൈദ്യശാല കൊല്ലംതോറും കൂട്ടുന്നുണ്ടു്.

The Registrar of Co-operative Societies.

95. Mr. T. A. Ramachandra Ayyar.—(a) Will the Government be pleased to state whether the Registrar of Co-operative Societies has civil powers;

(b) is he qualified for same by examination;

(c) how many contested cases were there during his time, and has he disposed of any of such cases without referring to arbitration; and if so, the number of such cases;

(d) has he dismissed the suits in any of the cases; and if so, the number of such cases?

Mr. A. K. Vengu Ayyar.—(a) The Member is referred to the Co-operative Societies Regulation, IV of 1088 and the Rules issued thereunder.

(b) The present Registrar is a graduate in arts and has completed his B. L. course. He has also 21 years' experience in the Co-operative Department in British India and the State together. Government consider that he is duly qualified to discharge the duties that devolve upon him under the Regulation and the Rules referred to in (a) *supra*.

(c) Number of contested cases is 11, of which 9 were disposed of by the Registrar.

(d) Yes, in one.

LIBRARY ARCHIVES Kerala Legislative Assembly